## ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ.അദീല അബ്ദുള്ള, ഐ.എ.എസ്)

## ഉത്തരവ് നം: DCWYD/2909/2020/DM1 (4), തീയതി : 30/03/2020

കേരളത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന് താമസിച്ച് തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമവും, സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നതിനും, ഇവർ താമസിക്കുന്ന ഇടങ്ങളിൽ കോവിഡ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ പരിധിയിലുള്ള അതിഥി തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, ഇവരുടെ പേര്, മേൽവിലാസം, തൊഴിലുടമയുടെ പേര്, ഫോൺ നമ്പർ എന്നിവയടങ്ങുന്ന പട്ടിക തയ്യാറാക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇവരിൽ സർക്കാരിന്റെ സംരക്ഷണം ആവശ്യമുള്ളവരുടെ പട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതാണ്.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത പട്ടിക ജില്ലാ ലേബർ ഓഫീസർക്ക് കൈമാറേണ്ടതും, ജില്ലാ ലേബർ ഓഫീസർ പട്ടിക കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3) അതിഥി തൊഴിലാളികൾക്ക് കമ്മ്യൂണിറ്റി കിച്ചൺ മുഖേന ഭക്ഷണം നൽകുകയും, പഞ്ചായത്തിലെ ആരോഗ്യ വിഭാഗവുമായി സഹകരിച്ച് ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തേണ്ടതുമാണ്.

4) താമസസൗകര്യമുള്ളവരും എന്നാൽ സ്വന്തം ചിലവിൽ ഭക്ഷണ സമഗ്രികൾ വാങ്ങുന്നതിന് കഴിയാത്തവരുമായ, അതിഥി തൊഴിലാളികൾ തികച്ചും അർഹരാണെന്ന് ഉറപ്പ് വരുത്തി അവർക്ക് ഭക്ഷണ സാമഗ്രികൾ തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5) ഓരോ അതിഥി തൊഴിലാളിക്കും 15 ദിവസത്തേക്ക് 3 കിലോ അരി, അര കിലോ പരിപ്പ്, 200 ഗ്രാം ഓയിൽ, 2 കിലോ കിഴങ്ങ്, 100 ഗ്രാം മല്ലിപ്പൊടി, 100 ഗ്രാം മുളക് പൊടി, 250 ഗ്രാം പച്ചമുളക് എന്നിവ ഉൾപ്പെടുന്ന കിറ്റ് തയ്യാറാക്കേണ്ടതാണ്. കിറ്റ് തയ്യാറാക്കുന്നതിനായി സപ്ലൈകോ, മാവേലി സ്റ്റോറുകൾ എന്നിവയിൽ നിന്നും തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് സാധനങ്ങൾ വാങ്ങാവുന്നതും, ഇവിടങ്ങളിൽ ലഭ്യമാകാത്ത സാധനങ്ങൾ പൊതുമാർക്കറ്റിൽ നിന്നും വാങ്ങാവുന്നതുമാണ്. ഇതിനായി സ്കൂളുകളിൽ ഉച്ചക്കഞ്ഞി നൽകുന്നതിനായി സൂക്ഷിച്ചിട്ടുള്ള അരി, ധാന്യങ്ങൾ തുടങ്ങിയവ അവശേഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഉപയോഗിക്കാവുന്നതുമാണ്. ഇതിനാവശ്യമായ നടപടികൾ ഡെപ്യൂട്ടി ഡയറക്ടർ എഡ്യൂക്കേഷൻ സ്വീകരിക്കേണ്ടതാണ്. സാധനസാമഗ്രികൾ വാങ്ങുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

6) കിറ്റുകൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്ഥാപന തലത്തിൽ വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. കമ്മ്യൂണിറ്റി കിച്ചൺവഴി ഭക്ഷണം വിതരണം ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള വോളണ്ടിയർമാരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതുമാണ്. വോളണ്ടിയർമാരുടെ എണ്ണം 5-ൽ കൂടാൻ പാടുള്ളതല്ല. കിറ്റുകൾ തയ്യാറാക്കുമ്പോൾ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

7) കിറ്റുകളുടെ വിതരണത്തിനായി വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ വോളണ്ടിയർമാരെ ഉപയോഗപ്പെടുത്താവുന്നതാണ്.

8) തദ്ദേശ സ്ഥാപനതലത്തിൽ അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അടക്കമുള്ളവരിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

9) അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഓരോ താലൂക്കിലും ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും, തദ്ദേശ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകേണ്ടതുമാണ്.

10) ജില്ലാ ലേബർ ഓഫീസർ അതിഥി തൊഴിലാളികൾക്ക് നൽകുന്നതിനായി - തൊഴിലാളിയുടെ പേര്, പിതാവിന്റെ/മാതാവിന്റെ പേര്, നിലവിൽ താമസിക്കുന്ന കെട്ടിട ഉടമസ്ഥന്റെ പേരും, മേൽവിലാസവും, തദ്ദേശ സ്ഥാപനത്തിന്റെ പേര്, ഫോട്ടോ പതിക്കുന്നതിനുള്ള സ്ഥലം, സാധനങ്ങൾ നൽകിയ തീയതി എന്നിവയടങ്ങുന്ന ഒരു കാർഡ് ഇതിനായി തയ്യാറാക്കേണ്ടതും, തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ തദ്ദേശ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതുമാണ്. ഈ കാർഡുകൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഒപ്പിട്ട് അധികൃതമാക്കേണ്ടതാണ്.

11) ഇതു സംബന്ധിച്ച് താഴെപ്പറയുന്ന മാതൃകയിലുള്ള ഒരു പ്രതിദിന റിപ്പോർട്ട് എല്ലാ ദിവസവും **2.30**-ന് മുമ്പായി ജില്ലാ ലേബർ ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ശേഖരിച്ച് ജില്ലാ കൺട്രോൾ റൂമിൽ ലഭ്യമാക്കേണ്ടതാണ്.

| Sl. NO | Name of LSG | No.of Guest workers | No.of Guest workers accomodated in welfare centre | No.of welfare centres functioning | *No.of* Guest workers given food through community kitchen | No.of Guest workers given free food through community kitchen and by LSGs | No.of Guest workers given provisions today | Cumilative No.of Guest workers who are given provisions | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |

12) ജില്ലാതലത്തിൽ ഒരു കൺട്രോൾ റൂം സജ്ജീകരിക്കേണ്ടതും കൺട്രോൾ റൂമിൽ മലയാളം ഒഴികെയുള്ള മറ്റ് ഇന്ത്യൻ ഭാഷകളിൽ (ബംഗാളി, ഹിന്ദി, കന്നട, തമിഴ് തുടങ്ങിയവ) പ്രാവീണ്യമുള്ള ഒരേസമയം രണ്ട്പേരിൽ കൂടാത്ത വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

കൺട്രോൾ റൂം നമ്പർ : 04936-203905

അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും, ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായും നോഡൽ ഓഫീസറായി ജില്ലാ ലേബർ ഓഫീസർ ചുമതല നിർവ്വഹിക്കേണ്ടതാണ്.

30/03/2020

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ**
**& ജില്ലാ കളക്ടർ, വയനാട്.**